



# മഹാത്മാഗാന്ധിദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരളം

# തിരുവനന്തപുരം ജില്ല

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**ബ്ലോക്ക്  - പാറശാല**

**ഗ്രാമപഞ്ചായത്ത്- പൂവാർ**

**വാർഡ്- TB വാർഡ്**

**ഗ്രാമസഭ  തീയതി : 28/11/2019**

**സമയം   - 10.:30am**

## ആമുഖം

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിതം സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനു വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ടുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പുവരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുന്നു എന്നും അതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ഓഗസ്റ്റ് 23 ആം തീയതി യാണ് പാർലമെന്റ് ഈ നിയമം പാസാക്കുന്നത്.

തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം പരമാവധി ഉറപ്പുവരുത്തുന്നു എന്നാണ് ഈ നിയമത്തിലെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം തൊഴിൽ എടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയും ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു..

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനം അർഹതയുണ്ടായിരിക്കും. അതുപോലെ ചെയ്ത തൊഴിൽ വേതനം 14 ദിവസത്തിൽ കൂടുതൽ വൈകിയാൽ വൈകുന്ന ഓരോ ദിവസവും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് തൊഴിലോ തൊഴിലില്ലായ്മ വേതനം ഉറപ്പായും ഉറപ്പു വരുത്തണം എന്നാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2 തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരിക്കുന്നു. 2007 മെയ് 15ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ന് ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര ലഘൂകരണ ത്തിൽ നിർണായകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്ന കാര്യം പരിഗണിച്ചു 2009 ഒക്ടോബർ രണ്ടാം തീയതി കേന്ദ്രസർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

## തിരുവനന്തപുരം ജില്ല

കേരളത്തിന്റെ തെക്കേ അറ്റത്തുള്ളതും സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം ഉൾക്കൊള്ളുന്നതുമായജില്ല. ഭാരതത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരി തിരുവനന്തപുരം ജില്ലയുടെ അതിരായ പാറശാലയിൽ നിന്നും 56 കിലോമീറ്റർ അകലെയായി സ്ഥിതി ചെയ്യുന്നു

## പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

തമിഴ്നാടിന്റെ അതിർത്തിയും കേരളത്തിന്റെ തെക്കേ അറ്റവുമായ ബ്ലോക്ക് പഞ്ചായത്താണ് പാറശാല ബ്ലോക്ക് പഞ്ചായത്ത്. തമിഴ്, മലയാളം എന്നീ ഭാഷകളുടെ സംഗമ സ്ഥാനം കൂടി ആയതിനാൽ ജനങ്ങൾക്ക് കലയോടും സംസ്കാരത്തോടും നല്ല മതിപ്പുണ്ട്. പരമ്പരാഗത കുടിൽ വ്യവസായമായ കരിപ്പട്ടി നിർമാണത്തിൽ തുടങ്ങി ആധുനിക വ്യവസായ സംരംഭങ്ങൾ വരെ ഇവരുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. ഭൂരിഭാഗം ആളുകളും ദ്വിഭാഷികളാണ്.

പാറശ്ശാല ബ്ലോക്ക് പരിധിയിൽ ചെങ്കൽ, കാരോട്, കുളത്തൂർ, പൂവാർ, തിരുപുറം, പാറശ്ശാല എന്നിങ്ങനെ ആറ് പഞ്ചായത്തുകളാണ് ഉള്ളത്.

പൂവാർ ഗ്രാമപഞ്ചായത്ത്

1929 സെപ്റ്റംബർ 25നാണ് പൂവാർ ഗ്രാമപഞ്ചായത്ത് നിലവിൽ വന്നത്. തിരുവനന്തപുരം ജില്ലയിലെ കടലോര മേഖലകളിൽ ഉൾപ്പെടുന്ന ഒരു ഗ്രാമപഞ്ചായത്താണ് പൂവാർ. മത്സ്യത്തൊഴിലാളികളും മറ്റു ദരിദ്ര ജനവിഭാഗങ്ങളും തിങ്ങി പാർക്കുന്ന ഈ പ്രദേശത്തിന്റെ വികസന മണ്ഡലം ഒട്ടേറെ പ്രശ്നങ്ങൾ നിലനിൽക്കുന്നതാണ്. 7.3 നാല് സ്ക്വയർ കിലോമീറ്റർ വിസ്തീർണവും 22611 ജനസംഖ്യയും ആണ് ഇപ്പോൾ പഞ്ചായത്തിലുള്ളത്. തിരുപുറം വില്ലേജിന്റെ പരിധിയിലാണ് ഈ പഞ്ചായത്ത് പ്രദേശം. ഇപ്പോൾ പൂവാർ വില്ലേജ് അനുവദിച്ചിട്ടുണ്ട്. 15 വാർഡുകളാണ് ഈ പഞ്ചായത്തിലുള്ളത്. തീരദേശ വാർഡുകൾ ഒഴികെ വാർഡുകൾ എല്ലാം കാർഷികമേഖലയാണ്. പൂവാർ ഗ്രാമപഞ്ചായത്തിനു സർക്കാരിൽ നിന്ന് ലഭിക്കുന്ന വികസന ഫണ്ട് ഉപയോഗിച്ചും വിവിധ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന ധനസഹായം ഉപയോഗിച്ചും ജനങ്ങളുടെ സഹകരണത്തോടെ വിവിധ ക്ഷേമ പ്രവർത്തനങ്ങളും പൊതുവായ വികസനപ്രവർത്തനങ്ങളും നടത്താൻ കഴിഞ്ഞിട്ടുണ്ട്.

അടിസ്ഥാനവിവരങ്ങൾ

വില്ലേജ് : പൂവാർ

താലൂക്ക് : നെയ്യാറ്റിൻകര

വിസ്തീർണ്ണം : 7.34 ചതുരശ്ര കിലോമീറ്റർ വാർഡുകളുടെ എണ്ണം :15

അതിരുകൾ

കിഴക്ക് : നെയ്യാർ

പടിഞ്ഞാറ് : കരുംകുളം പഞ്ചായത്ത്

തെക്ക് :അറബിക്കടൽ

വടക്ക് :തിരുപുറം പഞ്ചായത്ത്

## രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള, തിരുവനന്തപുരം ജില്ല- പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സനിന്റെ സഹായത്തോടെ വില്ലേജ് റിസോഴ്സ് പെഴേസൻസ് ആണ് തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലെപൂവാർ ഗ്രാമ പഞ്ചായത്ത് 13 TB വാർഡ്ൽ കുടിയസോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടത്തിയത്.

ആദ്യഘട്ടം:

പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് , വാർഡ് മെമ്പർ, എൻ ആർ ഇ ജി എസ് സ്റ്റാഫ് എന്നിവരുമായി സോഷ്യൽ ഓഡിറ്റ് പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സൺ വാർഡ് 3 ൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച.

രണ്ടാം ഘട്ടം:

2018 ഒക്ടോബർ മാസംഒന്നാം തിയതി മുതൽ 2019 മാർച്ച് മാസം വരെ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ് എന്നിവ പരിശോധിക്കൽ.

മൂന്നാം ഘട്ടം:

പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ

നാലാം ഘട്ടം:

ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെകണ്ട് തൊഴിൽകാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും

.

അഞ്ചാം ഘട്ടം:

ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്.

## സോഷ്യൽ ഓഡിറ്റ്

മറ്റു പദ്ധതിയിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ്. തൊഴിലുറപ്പ് നിയമം 17(2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ നടത്തണമെന്നും സുതാര്യത ഉറപ്പു വരുത്തണമെന്നും അനുശാസിക്കുന്നു. സോഷ്യൽ ഓഡിറ്റിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക, രജിസ്റ്ററുകളും റെക്കോർഡുകളും ലഭ്യമാക്കുക, എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ ആണ്.

ഗ്രാമസഭകൾ ആണ് സോഷ്യൽ ഓഡിറ്റ് വേദികൾ ഗ്രാമസഭ ആറുമാസത്തിലൊരിക്കൽ നിർബന്ധമായുംi സോഷ്യൽ ഓഡിറ്റ് നടത്തിയിരിക്കണം. സംസ്ഥാന സർക്കാർ സോഷ്യൽ ഓഡിറ്റ് നടത്തേണ്ട രീതി സംബന്ധിച്ച് ഉത്തരവ്പുറപ്പെടുവിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ

വിജയം ജനങ്ങളുടെ പങ്കാളിത്തമാണ്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ തീയതി,അജണ്ട, വേദി എന്നിവ നിശ്ചയിച്ച 7 ദിവസം മുൻപ് ജനങ്ങൾക്ക് വിവരം നൽകിയിരിക്കണം. പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം മോണിറ്ററിംഗ്, തുടങ്ങി ചുമതലകൾ ഉള്ള എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സുഗമമായും സുതാര്യമായും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ്( as per GO (Rt) No.3906/2015/LSGD,Dated 30.12.2015) 31.1.2017 നിലവിൽവന്നു. യൂണിറ്റ് ട്രാവൻകൂർ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955 (No.TVM/TC/123/2017)പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ് .

**കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്**

1) കവർ പേജ്

2) ചെക്ക് ലിസ്റ്റ്

3) ആക്ഷൻ പ്ലാൻ /ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി

4)സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതിക അനുമതിയുടെ കോപ്പി

5) ഭരണാനുമതിയുടെ കോപ്പി

6) സങ്കേതികാനുമതിയുടെ കോപ്പി

7) സംയോജിത പദ്ധതി വിശദാംശങ്ങൾ

8) തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ

9) തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി

10) പൂരിപ്പിച്ച മാസ്റ്ററോൾ കോപ്പി

11) മെഷർമെൻറ് ബുക്കിന്റെ കോപ്പി

12) സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വാട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ്മെൻറന്റിയും മെറ്റീരിയൽ സപ്ലൈ ഓർഡർന്റെയും കോപ്പി

13) വേജ് ലിസ്റ്റ്

14) വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റെയും FTO യുടെയും കോപ്പി

15) മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി

16) റോയലിറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി

17) തൊഴിലിന്റെ മൂന്ന് ഘട്ടങ്ങളിലുള്ള ഫോട്ടോകൾ

18) പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ കോപ്പി

19) മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

20) ആസ്തിയുടെ ജിയോ ടാഗ്ഗ് ഫോട്ടോകൾ

21) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

22) സൈറ്റ് ഡയറി

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്**

1. തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷകരുടെ രജിസ്റ്റർ

2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ

3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ

4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ

5. സ്ഥിതി ആസ്തികളുടെ രജിസ്റ്റർ

6 സാധന രജിസ്റ്റർ

7 ഗ്രാമസഭ രജിസ്റ്റർ

# വാർഡിൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ

**പൂവാർ TB വാർഡിൽ 143 സജീവ തൊഴിലാളി കളാണുള്ളത് അതിൽ 8 തൊഴിലാളികൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നൂറു ദിവസം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്.**

## 7 Registers പരിശോധന വിശദാംശങ്ങൾ

### 1. Job card register (തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷകരുടെ രജിസ്റ്റർ)

**153 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, 4 പേരുടെ ഫോട്ടോ ഉണ്ടായിരുന്നില്ല**

### 2. Demand register, payment of allocation of work

**ഡിമാൻഡ് രജിസ്റ്റർ ഉണ്ടായിരുന്നു**

**Payment of wage register**

ഇതിൽ ഓരോ തൊഴിലാളികളും എത്ര ദിവസം തൊഴിൽ ചെയ്തിരിക്കുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു

3. Work register (തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ )

വ്യക്തമായ രേഖപ്പെടുത്തലുകൾ ഓടി സൂക്ഷിച്ചിട്ടുണ്ട്

255 പ്രവർത്തികളുടെ വിശദ വിവരങ്ങൾ നൽകിയിരുന്നു.

4. Fixed asset register സ്ഥിതി ആസ്തികളുടെ രജിസ്റ്റർ

2018 -19 വരെ പൂർത്തിയായ പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ട്. ക്രമനമ്പർ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ എന്നിവ ഇല്ല

5. പരാതി register

* 20/10/2016 ൽ രജിസ്റ്റർ ചെയ്ത ഒരു പരാതി മാത്രമേ രജിസ്റ്ററിൽ ഉണ്ടായിരുന്നുള്ളൂ. ഇതിൽ സാക്ഷ്യപ്പെടുത്തലുകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല

6. Material register ( സാധന രജിസ്റ്റർ )

93 പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്, പ്രവൃത്തിയുമായി ബന്ധപ്പെട്ട മറ്റ് സാധനസാമഗ്രികളുടെ രേഖപ്പെടുത്തലുകൾ കാണാൻ സാധിച്ചു

7. ഗ്രാമസഭ രജിസ്റ്റർ

2017 മുതലുള്ള ഗ്രാമസഭാ മിനിറ്റ്സ് സുകൾ രജിസ്റ്ററിൽ ഉണ്ട് ഇതിൽ 2 ഗ്രാമസഭാ മിനിറ്റ്സ് പൂർണ്ണമല്ല. 2019 -20 സാമ്പത്തിക വർഷത്തിൽ 25/7/2019 നടന്ന ഗ്രാമസഭയുടെ നോട്ടീസ് ഉണ്ടായിരുന്നില്ല.101 പേർ ഒപ്പു രേഖപ്പെടുത്തിയിരിക്കുന്നു, മിനിറ്റ്സ് രേഖപ്പെടുത്തിയിട്ടില്ല

## ലൈഫ് ഭവന നിർമ്മാണ പദ്ധതികൾ

1)രാജി രേണുക - IF/329243

2)കുമാരി കൃഷ്ണൻ കുട്ടി -IF/329167

3)വിലാസിനി വിജയൻ -IF/329250

4)മഹേശ്വരി രഞ്ജിത്ത് -IF/384585

5)ചന്ദ്രിക സജി മോൾ -IF/329248

6)തുളസി രമേശ് -IF/329165

7)ബിന്ദു മനൂഫ -IF/329190

8)ഗീത ശേഖർ -IF/329152

9)ശ്രീദേവി വിജയകുമാർ -IF/329242

10)പ്രേമ അരുൺ -IF/329191

11)ലിനി കുമാരി ശരൺ കുമാർ - IF/329238

12)ഫറൂഖ് സാലിഹ ബീവി -IF/329186

13) സൗമ്യ വിൻസെന്റ് -IF/329237

14)ബൈജു സരസ്വതി -IF/329152

15)സിനി സഞ്ജു -IF/329196

# ഫയൽ പരിശോധന വിശദാംശങ്ങൾ

* ഭരണാനുമതി, സാങ്കേതികാനുമതി, വിശദമായ എസ്റ്റിമേറ്റ്, ഫോട്ടോ, വേജ് ലിസ്റ്റ്, തുടങ്ങിയ രേഖകൾ ഉണ്ടായിരുന്നു.

* ഫയലിലെ രേഖപ്പെടുത്തലുകൾ പ്രകാരം ഗുണഭോക്താവിന് 90 ദിവസം തൊഴിൽ ലഭിച്ചിട്ടുണ്ട്

* എല്ലാ ഗുണഭോക്താക്കളുടെയും റേഷൻ കാർഡ്, ഐഡി കാർഡ്, ആധാർ, പാസ്ബുക്ക്, ഫോട്ടോസ്, തുടങ്ങിയ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു

## ഫീൽഡ്

***** ഗുണഭോക്താക്കൾ മസ്റ്റ് റോളുകളിൽ ഒപ്പ് രേഖപ്പെടുത്തുന്നത് പഞ്ചായത്തിൽ നേരിട്ട് ഹാജരായി ട്ടാണ്. എന്നാൽ എത്ര ദിവസത്തെ മസ്റ്റ് റോളുകൾ ലഭ്യമായിട്ടുണ്ട് എന്നിവർക്ക് വ്യക്തമായി അറിയില്ല

*ഫീൽഡ് തല പരിശോധനയിൽ 5 വീടുകൾ പൂർത്തികരിച്ച നിലയിൽ കാണുവാൻ സാധിച്ചു

* ഫീൽഡ് തല പരിശോധനയിലൂടെ തൊഴിൽവേതനം പൂർണമായും ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല എന്ന് മനസ്സിലാക്കാൻ സാധിച്ചു

**TB വാർഡിൽ 3 പ്രവർത്തികൾ ആണ്നടന്നിട്ടുള്ളത്. പ്രവർത്തിയും പ്രവർത്തികളുടെ വർക്ക് കോഡും ചുവടെ കൊടുക്കുന്നു.**

**1) ഭൂവികസന പ്രവർത്തികൾ -Wc/331484**

**പ്രവൃത്തി ആരംഭിച്ച തിയതി -4/12/18**

പ്രവ്യത്തി പൂർത്തീകരിച്ച് തീയതി -20/2/19

ചിലവായ തുക -159969

2) ഭൂവികസന പ്രവർത്തികൾ Wc/331476

പ്രവൃത്തി ആരംഭിച്ച തീയതി -18/12/18

പ്രവൃത്തി പൂർത്തീകരിച്ച് തീയതി -2/3/19

ചിലവായ തുക -160511

3) ഭൂവികസന പ്രവർത്തികൾ -Wc/331386

പ്രവർത്തി ആരംഭിച്ച തീയതി -18/12/18

പ്രവൃത്തി പൂർത്തീകരിച്ച് തീയതി -1/3/19

ചിലവായ തുക -157798

## പ്രവൃത്തിയുടെ വിശദാംശങ്ങളിലേക്ക്

1) ഭൂ വികസന പ്രവർത്തനം- Wc/331484


ഫയൽ

* 23 തൊഴിലാളികളുടെ എഴുതിത്തയ്യാറാക്കിയ ഡിമാൻഡ് ആപ്ലിക്കേഷൻ ഫോം ഉണ്ടായിരുന്നു

* ഭരണാനുമതി സാങ്കേതിക അനുമതി എന്നിവയിൽ മതിയായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു

*മസ്റ്റ് റോളുകളിൽ 7 പേർ തുടർച്ചയായി പ്രവർത്തിയിൽ ഹാജരാകാത്ത തായി രേഖപ്പെടുത്തി കാണുന്നു, രേഖപ്പെടുത്തലുകൾ പൂർണ്ണമായിരുന്നില്ല

*മസ്റ്റ് റോൾ നമ്പർ 30065 -ൽ തൊഴിലാളികളുടെ ഒപ്പിനു മേൽ അപ്സെന്റ് രേഖപ്പെടുത്തിക്കാണുന്നു



Muster Roll (For Unskilled Labourer)

Measurement Book No.________ Page No.________

സംസ്ഥാനം:KERALA Muster Roll No. : 30065

Work Code : 1614006005/WC/331484

Date From :12/02/2019 Date To :18/02/2019

Name of technical staff responsible for measurement :JAYAKUMAR S

Muster Roll Printing date : 14/02/2019 ജില്ല:THIRUVANANTHAPURAM ബ്ലോക്ക്:Parassala പഞ്ചായത്ത്:Poovar

Work Name : w 13 ഭൂവികസന പ്രവൃത്തികൾ(തെങ്ങിൻതൈ നടുന്നതിന് കുഴികൾ, മഴക്കുഴികൾ തുടങ്ങിയവയുടെ നിർമ്മാണം)

Executing Agency : Gram Panchayat Technical sanction no & Date :16142018-2019/2018/259106(08/11/2018) Financial sanction no & Date :1614/2018/259106(02/11/2018) Financial Year:2018-2019

| ക്രമ നമ്പർ | Name/RegNo | കുടുംബനാഥന്റെ പേര് | പേര് | വാർഡ് | Account No. | 1 | 2 | 3 | 4 | 5 | 6 | 7 | Total Attendance | Wage Per Day | Amt Due Acc to Attendance | Travel and living exp. | Implements / Sharpening Charge | Total Cash payment |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | KL-14-006-005-013/42 | ഗോമതി | ഗോമതി | ടി ബി | Bank Canara Bank 1700108****** | X | X | | | | | | 3 | 271 | 813 | | | 813 |
| 2 | KL-14-006-005-013/42 | ഗോമതി | പുഷ്കരൻ | ടി ബി | Bank State Bank of India 67329****** | X | X | | | | | | 3 | 271 | 813 | | | 813 |
| 3 | KL-14-006-005-013/44 | രാധ | രാധ | ടി ബി | Bank Canara Bank 1700108****** | X | X | | A | A | | A | - | - | - | | | - |
| 4 | KL-14-006-005-013/44 | രാധ | ഗോപാലൻ | ടി ബി | Bank State Bank of India 67138****** | X | X | | A | A | | A | - | - | - | | | - |
| 5 | KL-14-006-005-013/45 | വിമല | വിമല | ടി ബി | Bank Canara Bank 1700108****** | X | X | | | | | | 3 | 271 | 813 | | | 813 |
| 6 | KL-14-006-005-013/47 | ബേബി | ബേബി | ടി ബി | Bank Canara Bank 1700108****** | X | X | | | | | | 3 | 271 | 813 | | | 813 |
| 7 | KL-14-006-005-013/61 | യശോദ | യശോദ | ടി ബി | Bank Canara Bank 1700108****** | X | X | | | A | | A | 1 | 271 | 217 | | | 271 |
| 8 | KL-14-006-005-013/67 | ചന്ദ്രിക | ചന്ദ്രിക | ടി ബി | Bank Canara Bank 1700101****** | X | X | | A | A | | | 1 | 271 | 271 | | | 271 |
| 9 | KL-14-006-005-013/67 | ചന്ദ്രിക | ബിന്ദു | ടി ബി | Bank Canara Bank 1700101****** | X | X | | | | | | 3 | 271 | 813 | | | 813 |

* മസ്റ്റ് റോളുകളിൽ മേറ്റ്, പരിശോധന ഉദ്യോഗസ്ഥർ എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല

* സൈറ്റ് ഡയറിയിൽ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ട്, സന്ദർശക കുറിപ്പ് എന്നിവ ഉണ്ടായിരുന്നു. എന്നാൽ രേഖപ്പെടുത്തലുകൾ പൂർണമായിരുന്നില്ല

ഫീൽഡ്

* മെഷർമെന്റ് ബുക്ക് പ്രകാരം 10 പ്രവൃത്തി സ്ഥലങ്ങളിലായി 22 മഴക്കുഴികൾ 2 കമ്പോസ്റ്റ് കുഴികൾ 50 തെങ്ങിൻ കുഴികൾ പണകളുടെ നിർമ്മാണം എന്നീ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിക്കാണുന്നു

* ഫീൽഡ് തല പരിശോധയിൽ 2 മഴക്കുഴികൾ 1 കമ്പോസ്റ്റ് കുഴി, 5 തെങ്ങിൻ കുഴികൾ പണകളുടെ നിർമ്മാണം എന്നിവ പ്രവർത്തി സ്ഥലത്ത് കാണുവാൻ സാധിച്ചു

* പ്രവർത്തിക്കായി ഭൂമി അനുയോജ്യം ആക്കിയ സ്ഥലങ്ങളിൽ മറ്റിനം  കൃഷികൾ ചെയ്യുന്നതായി കാണുവാൻ സാധിച്ചു

* രണ്ടു പ്രവർത്തി സ്ഥലം കാടുപിടിച്ച് നിലയിലായിരുന്നു

* സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്

* പ്രവൃത്തിയിൽ 579 തൊഴിൽ ദിനങ്ങളിലായി, 159969 രൂപ ചെലവഴിച്ചിട്ടുണ്ട്

2) ഭൂവികസന പ്രവർത്തികൾ  -Wc/331476

ഫയൽ

* തൊഴിലാളികളുടെ ഡിമാൻഡ് ഫോം  ഉണ്ടായിരുന്നില്ല

* ഭരണാനുമതി സാങ്കേതിക അനുമതി എന്നിവയിൽ മതിയായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു

* മസ്റ്റർ റോളുകളിൽ 12 പേർ തുടർച്ചയായി പ്രവർത്തിയിൽ ഹാജരാകാത്ത തായി രേഖപ്പെടുത്തി കാണുന്നു

* മസ്റ്റർ റോൾ നമ്പർ24226 -ൽ തൊഴിലാളികളുടെ ഒപ്പിനു മേലെ അപ്സെന്റ് രേഖപ്പെടുത്തിക്കാണുന്നു

* മസ്റ്റ്  റോളുകളിൽ പരിശോധന ഉദ്യോഗസ്ഥന്റെ ഒപ്പ് ഉണ്ടായിരുന്നില്ല

* സൈറ്റ്  ഡയറി ഉണ്ടായിരുന്നു എന്നാൽ രേഖപ്പെടുത്തലുകൾ പൂർണമല്ല

ഫീൽഡ്

* മെഷർമെന്റ് ബുക്ക് പ്രകാരം 15 പ്രവൃത്തി സ്ഥലങ്ങളിലായി 25 മഴക്കുഴികൾ, 3 കമ്പോസ്റ്റ് കുഴികൾ 47 തെങ്ങിൻ കുഴികൾ പണികളുടെ നിർമ്മാണം എന്നീ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുള്ളതായി  രേഖപ്പെടുത്തിക്കാണുന്നു

* ഫീൽഡ് തല പരിശോധനയിൽ 5 മഴക്കുഴികൾ, 9 തെങ്ങിൻ കുഴികൾ എന്നിവ പ്രവർത്തി സ്ഥലത്ത് കാണുവാൻ സാധിച്ചു

* പ്രവർത്തിക്കായി ഭൂമി അനുയോജ്യം ആക്കിയ ഇടങ്ങളിൽ വാഴകൃഷി ചെയ്യുന്നതായി കാണുവാൻ സാധിച്ചു

* ഒരു പ്രവൃത്തി ഇടം നികത്തി വീട് പണിതിരിക്കുന്നതായി കാണുവാൻ സാധിച്ചു

* രണ്ടു പ്രവൃത്തി ഇടം കാടുപിടിച്ച് നിലയിലായിരുന്നു, രണ്ടു പ്രവർത്തി ഇടം പൂട്ടിയിട്ടനിലയിലുമായിരുന്നു



* സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്

* പ്രവർത്തിയിൽ 581 തൊഴിൽ ദിനങ്ങളിലായി160511 രൂപ  ചിലവഴിച്ചിട്ടുണ്ട്

3) ഭൂവികസന പ്രവർത്തികൾ    -WC/331486

ഫയൽ

* നിയമപ്രകാരം ഫയലിൽ ഉൾക്കൊള്ളികേണ്ടതായ 22 രേഖകളിൽ, മൂല്യനിർണയ സാക്ഷ്യപത്രം ഭരണാനുമതി സാങ്കേതിക അനുമതി, ഈ മസ്റ്റർ റോൾ, വേജ് ലിസ്റ്റ്, ഡിമാൻഡ് ഫോം, ഫോട്ടോ, ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്, പ്രൊജക്റ്റ് മീറ്റിംഗ് നോട്ടീസ്, മെഷർമെന്റ് ബുക്ക്, സൈറ്റ് ഡയറി എന്നിവ ഫയലിൽ ഉൾക്കൊള്ളിച്ചിരുന്നു

* മസ്റ്റ്  റോളുകളിൽ ഒൻപതുപേർ തുടർച്ചയായി പ്രവർത്തിയിൽ ഹാജരാകാത്ത തായി രേഖപ്പെടുത്തിക്കാണുന്നു സാക്ഷ്യപ്പെടുത്തലുകൾ പൂർണമായിരുന്നില്ല

*മസ്റ്റ് റോൾ നമ്പർ 31336, 31337, 24229 എന്നിവയിൽ തൊഴിലാളികളുടെ ഒപ്പിനുമേൽ അപ്സെന്റ്  രേഖപ്പെടുത്തിക്കാണുന്നു

* സൈഡ് ഡയറിയിൽ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ട് സന്ദർശക കുറിപ്പ് എന്നിവ ഉണ്ടായിരുന്നു.  എന്നാൽ രേഖപ്പെടുത്തലുകൾ പൂർണമായിരുന്നില്ല

ഫീൽഡ്

* മെഷർമെന്റ് ബുക്ക് പ്രകാരം 14 പ്രവൃത്തി ഇടങ്ങളിലായി 22 മഴക്കുഴികൾ, 62 തെങ്ങിൻ കുഴികൾ, പണ കളുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളതായി  രേഖപ്പെടുത്തിക്കാണുന്നു

* ഫീൽഡ് തല പരിശോധനയിൽ 8 മഴക്കുഴികൾ, 13 തെങ്ങിൻ കുഴികൾ, എന്നിവ പ്രവർത്തി സ്ഥലത്ത് കാണുവാൻ സാധിച്ചു

* ഒരു പ്രവൃത്തിയിടം കാടുപിടിച്ച് നിലയിലായിരുന്നു

* സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട് എന്നാൽ
രേഖപ്പെടുത്തലുകൾ വ്യക്തമായി കാണാൻ സാധിക്കാത്ത നിലയിലായിരുന്നു



* പ്രവൃത്തിയിൽ 571 തൊഴിൽ ദിനങ്ങളിലായി157798 രൂപ ചെലവഴിച്ചിട്ടുണ്ട്

# പൊതുവായ കണ്ടെത്തലുകൾ

* എ. എം.സി. പ്രകാരമുള്ള കവർപേജ്, ചെക്ക്ലിസ്റ്റ്, ആക്ഷൻപ്ലാൻ കോപ്പി, പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം, തുടങ്ങിയ രേഖകൾ ഫയലിൽ ഉണ്ടായിരുന്നില്ല.

* തൊഴിലാളികൾക്കാവശ്യമായ സുരക്ഷാ സംവിധാനങ്ങൾ, തൊഴിലിടസൗകര്യങ്ങൾ എന്നിവ ലഭ്യമാകുന്നില്ല എന്ന് ബോധ്യപ്പെട്ടു.

* തൊഴിൽ ലഭിക്കുന്നില്ല എന്ന് തൊഴിലാളികൾ പരാതിപ്പെടുകയുണ്ടായി.

* മസ്റ്ററോളിൽ തുടർച്ചയായ അബ്സെൻസ് ഉണ്ടായിരുന്നു.

* പരിശോധിച്ച് മെഷർമെന്റ് ബുക്കുകൾ എല്ലാം തന്നെ സർട്ടിഫൈ ചെയ്തിട്ടുണ്ട്

* ഒരു പ്രവർത്തിയുടെ ഡിമാൻഡ് ഫോം ഉണ്ടായിരുന്നില്ല

# നിർദ്ദേശങ്ങൾ

* നിയമപ്രകാരം ഫയലിൽ ഉൾക്കൊള്ളിക്കേണ്ടതായ രേഖകൾ ഉൾ കൊള്ളിക്കേണ്ടതാണ്.

* മസ്റ്ററോളിൽ അബ്സെന്റസ് ചുവന്ന മഷികൊണ്ട് തന്നെ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

* തൊഴിലാളികൾക്കാവശ്യമായ സുരക്ഷാ സംവിധാനങ്ങൾ തൊഴിലിട സൗകര്യങ്ങൾ എന്നിവ ഒരുക്കി നൽകേണ്ടതാണ്.

* പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രവർത്തികൾ നിയമാനുസൃതമായ കാലയളവിൽ നിലനിർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

* മസ്റ്ററോളും  സൈറ്റ് ഡയറിയും ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതാണ്.

*ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന രേഖകൾ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകളോടെ സൂക്ഷിക്കേണ്ടതാണ്

# ഗ്രാമസഭാ പരാമർശങ്ങൾ

* തൊഴിലിട സൗകര്യങ്ങൾ,  സുരക്ഷാ സൗകര്യങ്ങൾ എന്നിവ ലഭ്യമാകുന്നില്ല എന്ന കാര്യം ചർച്ച ചെയ്യപ്പെട്ടു.

* തൊഴിലാളികൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭ്യമാകുന്നില്ല എന്ന പരാമർശമുണ്ടായി.

* തൊഴിലുറപ്പുപദ്ധതി പ്രവർത്തി സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ ആക്കണമെന്ന് തൊഴിലാളികൾ ആവശ്യപ്പെടുകയുണ്ടായി.

* കാലാവസ്ഥാ വ്യതിയാനങ്ങൾ കാരണം ഭൂവികസനം പോലുള്ള പ്രവർത്തികൾ നിയമാനുസൃതമായ കാലയളവിൽ നിലനിർത്താൻ കഴിയുന്നില്ല എന്ന പരാമർശമുണ്ടായി.

* ഒരു കുടുംബത്തിലെ ആശ്രിതയായ ഒരു വ്യക്തിക്ക് പ്രത്യേകം തൊഴിൽകാർഡ് വേണമെന്ന ആവശ്യം ഉന്നയിക്കുകയുണ്ടായി.

റിപ്പോർട്ട് തയ്യാറാക്കിയത്

BRP അനുശ്രീ

VRP ശ്രീജ

VRP ഷീജ